(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കെ.എഫ്.സി.-യിൽ നിന്ന് ലോൺ ഇനത്തിൽ എത്ര കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. ;

(ബി) ഇതിൽ 25 ലക്ഷത്തിന് മുകളിൽ ലോൺ നല്കിയവരുടെ പേരും അഡ്രസ്സും തുകയും എത്രയെന്ന് വിശദമാക്കാമോ ;

(സി) ഇക്കാലയളവിൽ വൺ ടൈം സെറ്റിൽമെന്റ് പ്രകാരം എത്ര ലോണുകൾ അടച്ചിട്ടുണ്ട് ; ഇവർ/സ്ഥാപനങ്ങൾ ഏതെല്ലാം ; പൂർണ്ണമായ അഡ്രസ്സ് സഹിതം തുക എത്രയെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ഈ സർക്കാരിന് മുമ്പോ, ഈ സർക്കാരിൽനിന്നുമോ ലോൺ എടുത്തിട്ട് കുടിശ്ശികയായി വലിയ തുക വന്നതിനാൽ പ്രസ്തുത തുക ഇളവു ചെയ്ത് ലോൺ തീർക്കുകയോ, ലോൺ പുതുക്കുകയോ ചെയ്യാൻ ഏതെങ്കിലും വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ ഉത്തരവ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്കൊക്കെ പേരും ഇളവ് തുകയും അടച്ച തുകയും പ്രത്യേകം വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ (18-5-2011 - 20-6-2015) കെ.എഫ്.സി. ലോൺ ഇനത്തിൽ 2,97,246.65 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്.

(ബി) ഇതിൽ 1659 യൂണിറ്റുകൾക്ക് 25 ലക്ഷത്തിനു മുകളിൽ വായ്പ അനുവദിച്ചിട്ടുണ്ട്. (മൊത്തം 2635.90 കോടി രൂപ). വായ്പാക്കാരുടെ പേരും അഡ്രസ്സും അനുബന്ധം I ആയി ഇതോടൊപ്പം വയ്ക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയനുസരിച്ച് ലോണുകൾ പൂർണ്ണമായോ ഭാഗികമായോ അടച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം II ആയി ഇതോടൊപ്പം വയ്ക്കുന്നു. *

(ഡി) കെ.എഫ്.സി. ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം III ആയി ഇതോടൊപ്പം വയ്ക്കുന്നു. *

ആസ്തി വികസന ഫണ്ട്

102(2090) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വേന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ ദ്രുതഗതിയിലാക്കുന്നതിന് ധനകാര്യ പൊതുഭരണ വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി മാതൃകയിൽ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗവും നടത്തുന്നകാര്യം പരിഗണിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) എം.എൽ.എ.-മാരുടെ നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ സർക്കുലർ നമ്പർ 73/2012/ധന. പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനാനുമതിക്കായി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ ധനാനുമതി നൽകുന്നതിന് കഴിയാത്ത സാഹചര്യം നിലവിൽ ഉണ്ടായിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഭരണവകുപ്പിനിന്നും അനുമതി ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ കൂട്ടത്തലായി സമർപ്പിക്കപ്പെട്ടതും ധനകാര്യ(നോഡൽ) വകുപ്പിൽ ആവശ്യമായ ജീവനക്കാരുടെ കുറവും ധനാനുമതി നൽകുന്നതിൽ ഒട്ടേറെ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

(ബി) ടി വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ടി വിഷയം തൽക്കാലം ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

ആസ്തി വികസന ഫണ്ട് പ്രവർത്തികൾക്കുള്ള അനുമതി

103(2091) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആസ്തി വികസന ഫണ്ട് പ്രവർത്തികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിന് മാർഗരേഖ

LIBRARY ARCHIVES Kerala Legislative Assembly